# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1252 — 11.02.2016 ൽ - മറുപടിക്ക്

## റേഷൻ കാർഡ് പുതുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>,, ബെന്നി ബെഹനാൻ<br>,, എ.റ്റി. ജോർജ്<br>,, കെ. ശിവദാസൻ നായർ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) വനിതകളെ കാർഡുടമകളാക്കി റേഷൻ കാർഡ് പുതുക്കി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം കുടുംബത്തിലെ മുതിർന്ന വനിതയാണ് കാർഡുടമ. പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതകളെ കാർഡുടമകളാക്കി റേഷൻകാർഡ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ ; | (ബി) സ്ത്രീശാക്തീകരണമാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ; വിശദമാക്കുമോ ? | (സി) ഈ പദ്ധതി നടപ്പിലാക്കാനായി ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് ഓരോ കുടുംബത്തിലെയും മുതിർന്ന വനിതയുടെ ഫോട്ടോ എടുത്തിട്ടുണ്ട്. പുതിയ റേഷൻ കാർഡിൽ കുടുംബത്തിലെ മുതിർന്ന വനിതയായിരിക്കും കാർഡുടമ. വനിതകളില്ലാത്ത കുടുംബത്തിൽ ഗൃഹനാഥനായിരിക്കും കാർഡുടമ. |

Thulasi

*സെക്ഷൻ ഓഫീസർ*